## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

28.06.2013 ൽ മറുപടി നല്കേണ്ടിയിരുന്നത്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.448

### ആശ്രയ പദ്ധതി വിപുലീകരണം

| | ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ:ഡൊമിനിക് പ്രസന്റേഷൻ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ മന്ത്രി) |
|---|---|---|
| എ) | സംസ്ഥാനത്ത് ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കമോ ; | എ)ഉണ്ട്. ആശ്രയ ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കി വരുന്ന എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നാളിതുവരെ പദ്ധതിയിൽ ഉൾപ്പെടാത്ത അർഹതയുള്ള അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ടാം ഘട്ട ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന് 16.06.2012 ലെ സ.ഉ(എംഎസ്)നം. 170/2012/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) | ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഇതിനായി ഒരു പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. ആശ്രയ പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് നടപ്പാക്കുന്നത് |
| സി) | പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോ ; വിശദമാക്കമോ ; | സി) ആശ്രയ പദ്ധതിക്കായി അനുവദിച്ചിരുന്ന ചലഞ്ച് ഫണ്ട്. (ആകെ അടങ്കൽ തുകയുടെ 40% അഥവ 15 ലക്ഷം രൂപ)15 ലക്ഷം രൂപ യിൽ നിന്നും 25 ലക്ഷം രൂപയായി ഉയർത്തി നല്കിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്ന മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും തുകയുടെ വിനിയോഗം പരിഗണിക്കാതെ തന്നെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം ഘട്ട ആശ്രയ പദ്ധതി ആരംഭിക്കുന്നതിന് 19.01.2013 ലെ സ.ഉ(എംഎസ്) നം.27/2013/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ഡി) | എന്തെല്ലാം വ്യവസ്ഥകളാണ് ഒഴിവാക്കിയത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി)ഒന്നാം ഘട്ട ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടങ്കൽ തുകയുടെ 50% വിനിയോഗിച്ചാൽ മാത്രമാണ് രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് 16.06.2012 ലെ 170/2012/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നത്. എന്നാൽ 19.01.2013 ലെ സ.ഉ(എംഎസ്) നം.27/2013/തസ്വഭവ ഉത്തരവ് പ്രകാരം ഈ വ്യവസ്ഥിതിയിൽ മാറ്റം വരുത്തി ഒന്നാം ഘട്ട പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്ന മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും തുകയുടെ വിനിയോഗം പരിഗണിക്കാതെ തന്നെ നിലവിലുള്ള വ്യവസ്ഥകൾ വിധേയമായി രണ്ടാം ഘട്ട ആശ്രയ പദ്ധതി ആരംഭിക്കുന്നതിന് അനുമതി നല്കി. |

സെക്ഷൻ ഓഫീസർ